## 24

# പ്രവചനം

**മത്തായി 26:56; യോഹന്നാൻ 5:39**

*"'ദൈവമോ തന്റെ ക്രിസ്തു കഷ്ടം അനുഭവിക്കും എന്നു, സകല പ്രവാചകന്മാരും മുഖാന്തരം മുന്നറിയിച്ചതു, ഇങ്ങനെ നിവർത്തിച്ചു'" (പ്രവൃത്തികൾ 3:18).*

വിശ്വസിപ്പാൻ ആഗ്രഹമില്ലാത്തവർക്ക് പ്രവചനത്തിൽ അത്ര വലിയ താല്പര്യം കാണുകയില്ല. *അതിനെ കുറിച്ചു ചിന്തിക്കുക!* ബൈബിളിന്റെ ആത്മാർത്ഥതയെ സംബന്ധിച്ചു ശക്തമായ തെളിവാണ് പ്രവചനം. ദൈവം തന്റെ വാഗ്ദാനങ്ങൾ അത്രയും പാലിച്ചിട്ടുണ്ട്. പഴയ നിയമത്തിൽ യേശുവിനെ കുറിച്ച് 332 നിറവേറിയ പ്രവചനങ്ങൾ ഉള്ളതായി ഫ്ളോയിഡ് ഹാമിൽടൺ ശ്രദ്ധിക്കയുണ്ടായി.[1] ചിലതു വളരെ പ്രത്യേകതയുള്ളതാണ്. പ്രവചിക്കപ്പെട്ട സ്ഥാപകനും രക്ഷിതാവുമുള്ള മതം മറ്റൊന്നില്ല!

പ്രവചിക്കപ്പെട്ട മശിഹ ആണെന്നു അവകാശപ്പെട്ടു യേശു പരസ്യ ശുശ്രൂഷ ആരംഭിച്ചതു യാദൃശ്ചികമായിരുന്നില്ല (യെശയ്യാവു 61:1–3; ലൂക്കൊസ് 4:16–27). അവൻ പറഞ്ഞതു കേൾവിക്കാർ തെറ്റിദ്ധരിച്ചില്ല. കോപത്താൽ അവർ അവനെ കൊല്ലുവാൻ ശ്രമിച്ചു (ലൂക്കൊസ് 4:28–30). മനുഷ്യർ അവന്റെ സ്വന്തം ടൗണിലെ ശുശ്രൂഷ മാറ്റുവാൻ പോലും ശ്രമിച്ചു!

യേശു നിറവേറ്റിയ അനവധി പ്രവചനങ്ങൾ പരിഗണിക്കുക.[2] അവൻ അബ്രഹാമിന്റെ സന്തതിയായിരുന്നു (ഉല്പത്തി 22:18; പ്രവൃത്തികൾ 7:1–6; റോമർ 4:13–25; ഗലാത്യർ 3:6–16), മോശെയെ പോലെ ഒരു പ്രവാചകൻ (ആവർത്തനപുസ്തകം 18:15–22; പ്രവൃത്തികൾ 3:22–26), ദാവീദിന്റെ സന്തതി (യോഹന്നാൻ 7:42; റോമർ 1:3; 2 തിമൊഥെയൊസ് 2:8). അവൻ ഉപമകളായി സംസാരിച്ചു (സങ്കീർത്തനങ്ങൾ 78:2; മത്തായി 13:34, 35). അവൻ കന്യകയുടെ മകൻ ആയിരുന്നു (യെശയ്യാവു 7:14; മത്തായി 1:23–25), ഒരു ഗലീലക്കാരൻ (യെശയ്യാവു 9:1, 2; മർക്കൊസ് 14:70; ലൂക്കൊസ് 22:59), ജാതികളുടെ പ്രകാശം (യെശയ്യാവു 49:6; പ്രവൃത്തികൾ 13:46, 47), താഴ്മയുള്ള രാജാവു (സെഖര്യാവു 9:9; മത്തായി 21:1–8), മുള (യെരമ്യാവു 23:5; എബ്രായർ 7:14), മിസ്രയിമിൽ നിന്നു വിളിച്ചു വരുത്തും (ഹൊശേയാ 11:1; മത്തായി 2:15), നസ്രായൻ (മത്തായി 2:23).

ലോകസ്ഥാപനത്തിനു അടിസ്ഥാനം ഇടുന്നതിനു മുൻപു തന്നെ അവനെ നമ്മുടെ രക്ഷകനായി പ്രഖ്യാപിച്ചിരുന്നു (എഫെസ്യർ 1:3, 4; 3:9–11; 1 പത്രൊസ് 1:20).

ഈ പ്രവചനങ്ങളിൽ ചിലതു പൊതുവായി നല്കിയിട്ടുണ്ട്. എങ്ങനെയായാലും, പ്രത്യേകിച്ചു ക്രൂശിനെ സംബന്ധിച്ചു, പല ചെറിയ പ്രത്യേകതകൾ കൂടിയുണ്ട്: അവന്റെ മരണ രീതി (സങ്കീർത്തനങ്ങൾ 22:16; സെഖര്യാവു 12:10; യോഹന്നാൻ 12:32), പരസ്യമായ മരണം (ആവർത്തനപുസ്തകം 21:22, 23; പ്രവൃത്തികൾ 5:30; 10:39; 13:29; ഗലാത്യർ 3:13; 1 പത്രൊസ് 2:24), ഒരു സ്നേഹിതൻ മുപ്പതു വെള്ളിക്കാശിനു ഒറ്റിക്കൊടുക്കും (സങ്കീർത്തനങ്ങൾ 41:9; സെഖര്യാവു 11:12; മത്തായി 26:14, 15; 27:3–10), അവന്റെ കുറ്റാരോപകർക്കു മുൻപിൽ മിണ്ടാതിരുന്നു (സങ്കീർത്തനങ്ങൾ 38:13; യെശയ്യാവു 53:7; മത്തായി 26:59–63; മർക്കൊസ് 14:55–61; 1 പത്രൊസ് 2:23, 24), കള്ളന്മാരോടുകൂടെ ആയിരിക്കും (യെശയ്യാവു 53:12; മത്തായി 27:38; മർക്കൊസ് 15:28; ലൂക്കൊസ് 23:39–43), കൈകളും കാലുകളും കുത്തിത്തുളക്കും (സങ്കീർത്തനങ്ങൾ 22:16; സെഖര്യാവു 12:10; യോഹന്നാൻ 20:27). അവന്റെ അങ്കിക്കായി അവർ ചീട്ടിട്ടു (സങ്കീർത്തനങ്ങൾ 22:18; മർക്കൊസ് 15:24; യോഹന്നാൻ 19:23, 24), അവന്റെ അവസ്ഥികൾ ഒന്നും ഒടിഞ്ഞില്ല (സങ്കീർത്തനങ്ങൾ 34:20; യോഹന്നാൻ 19:36). അവനു കണ്ടിവെണ്ണയും പുളിച്ച വീഞ്ഞും കുടിപ്പാൻ കൊടുത്തു (സങ്കീർത്തനങ്ങൾ 69:21; മത്തായി 27:34; യോഹന്നാൻ 19:28–30), ദൈവത്താൽ ത്യജിക്കപ്പെട്ടു (സങ്കീർത്തനങ്ങൾ 22:1; മത്തായി 27:46), ധനവാന്മാരോടൊപ്പം അടക്കപ്പെട്ടു (യെശയ്യാവു 53:9; മത്തായി 27:57–60), തള്ളിക്കളഞ്ഞ കല്ലു മൂലക്കല്ലായി തീർന്നു (സങ്കീർത്തനങ്ങൾ 118:22, 23; മത്തായി 21:42; പ്രവൃത്തികൾ 4:11; റോമർ 9:32, 33). താഴ്മയുള്ള രാജാവു കഴുതപ്പുറത്തു കയറിയാണ് വന്നതെന്നു പത്രൊസ്, പെന്തെക്കൊസ്തു നാളിൽ പ്രസ്താവിച്ചു (സെഖര്യാവു 9:9; മത്തായി 21:1–11) അവൻ "കർത്താവും ക്രിസ്തുവുമായി തീർന്നു" (പ്രവൃത്തികൾ 2:36).

മശിഹായെക്കുറിച്ചു ധാരാളം പ്രവചനങ്ങൾ നടത്തിയതുകൊണ്ട് യെശയ്യാവിനെ "മശിഹാ പ്രവാചകൻ" എന്നാണ് വിളിക്കുന്നതു. അവന്റെ എഴുത്തുകൾ അമ്പതിലധികം പ്രാവശ്യം പുതിയ നിയമത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.[3] ക്രിസ്തുവിനു അറുനൂറു വർഷങ്ങൾക്കു മുൻപു, മശിഹയുടെ പൂർണ്ണമായ ചിത്രം നൽകുവാൻ ദൈവത്താൽ അവൻ പ്രേരിതനായി. "കഷ്ടതയനുഭവിക്കുന്ന ദാസന്റെ ഗാനം" എന്ന പഴയ നിയമത്തിലെ യെശയ്യാവു 53 "അതിവിശുദ്ധം" എന്നറിയപ്പെടുന്നു. ഒരു രാഷ്ട്രീയ, സൈന്യ വിജയമായിരുന്നു യെഹൂദന്മാർ ആഗ്രഹിച്ചത്. കഷ്ടപ്പെട്ടു മരിക്കുന്ന, ഒരു രക്ഷകന്റെ ചിന്ത അവരുടെ മനസ്സിലേക്കു ഒരിക്കലും വന്നില്ല. അവരോടു കരുണ കാണിക്കുക. സ്വർഗ്ഗസ്ഥനായ ദൈവം ക്രൂശിൽ മരിക്കുന്നതു ഊഹിക്കുവാൻ തന്നെ പ്രയാസം!

യെശയ്യാവു 53-ൽ നിന്നുള്ള പദപ്രയോഗം ചുരുങ്ങിയതു ആറു പ്രാവശ്യം പുതിയ നിയമത്തിൽ ആവർത്തിച്ചിട്ടുണ്ട്![4] യെശയ്യാവു 53 ലെ മനുഷ്യൻ യേശു ആയിരുന്നു എന്നു ഫിലിപ്പൊസ് ഐത്യോപ്യനാ

യിരുന്ന ഷണ്ഡനോടു പറഞ്ഞു (പ്രവൃത്തികൾ 8:30–35).

യെശയ്യാവു 53 ലെ എല്ലാ ക്രിയകളും ഭൂതകാലമാണ്. ഭാവിയെ ചരിത്രമായിട്ടാണ് പറഞ്ഞിരിക്കുന്നത്. ദൈവം (യേശു) ഇന്നലെയും, ഇന്നും, എക്കാലവും അനന്യൻ തന്നെ. ദൈവത്തിനു ഭൂതം, വർത്തമാനം, ഭാവി എല്ലാം വാസ്തവത്തിൽ ഒരുപോലെയാണ്. ദൈവിക പ്രവചനങ്ങൾ വളരെ സത്യമായതുകൊണ്ടാണ് അവ ഭൂതകാലത്തിൽ പറഞ്ഞിരിക്കുന്നത്. തന്നെ കുറിച്ചുള്ള പ്രവചനങ്ങൾ എല്ലാം യേശു നിറവേറ്റി. യേശു തന്റെ മരണം, അടക്കം, ഉയിർപ്പു എന്നിവയെ പ്രവചിക്കയും വിശദമായി അവ നിറവേറ്റുകയും ചെയ്തു.[5] ഭൂമിയിൽ ഏറ്റവും സ്ഥിരീകരിക്കപ്പെട്ട വസ്തുതകളായിരുന്നു യേശുവിന്റെ ജീവിതവും മരണവും!

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പുകൾ

[1]ഫ്ളോയിഡ് ഹാമിൽടൺ, *ദ ബേസിസ് ഓഫ് ക്രിസ്ത്യൻ ഫെയ്ത്ത്,* റെവ. ആന്റ് ഇഎൻഎൽ. (ന്യൂയോർക്ക്: ഹാർപർ ആന്റ് റോ, 1964), 160. [2]നോക്കുക ഹ്യൂഗോ മെക്കാർഡ്, "ജീസസ്: ദ ഫുൾഫിൽമെന്റ് ഓഫ് പ്രോഫെസി ഇൻ ഹിസ് ലൈഫ്," ഇൻ "ജീസസ് ക്രൈസ്റ്റ്, ദ ഡിവൈൻ സൺ ഓഫ് ഗോഡ്," *ട്രൂത്ത് ഫോർ ടുഡേ* (മെയ് 2000): 9–17. [3]ഗ്ലീസൺ എൽ. ആർക്കർ ആന്റ് ഗ്രിഗറി ചിരിച്ചിഗോ, *ഓൾഡ് ടെസ്റ്റമെന്റ് കൊട്ടേഷൻസ് ഇൻ ദ ന്യൂ ടെസ്റ്റമെന്റ്* (ചിക്കാഗോ: മൂഡി പ്രസ്, 1983), 92–134. [4]ഇബിഡ്., 120–24. [5]നോക്കുക മത്തായി 16:21 (കൂടാതെ മർക്കൊസ് 8:31; ലൂക്കൊസ് 9:22); 17:22, 23 (കൂടാതെ മർക്കൊസ് 9:30–32; ലൂക്കൊസ് 9:43, 44); 20:17–19 (കൂടാതെ 10:32–34; ലൂക്കൊസ് 18:31–33); ലൂക്കൊസ് 24:7, 44–46; യോഹന്നാൻ 13:19.

© 2009 Truth for Today